# ഗുണദോഷിക്കലിന്റെ നിപുണതകൾ

താൻ പ്രസംഗിക്കുന്ന ഇടവകയിലെ പല വസ്തുതകളും ഉപദേഷ്ടാവു അറിഞ്ഞിരിക്കണം. നല്ല വസ്ത്രങ്ങളുടേയും, ചിരിക്കുന്ന മുഖങ്ങളുടേയും, സൗഹൃദ വന്ദനങ്ങളുടേയും എല്ലാം പിന്നിൽ അനവധി പ്രശ്നങ്ങൾ ഉണ്ട്.

ഉദാഹരണമായി, ഒരു മാസം മുൻപു ഭാര്യ മരിച്ച മദ്ധ്യ - വയസ്ക്കനായ മനുഷ്യൻ ഹൃദയഭാരം നിമിത്തം പുറകിൽ ഇരുന്നേക്കാം. അതിനടുത്തു ഒരു മാതൃകാ ക്രിസ്തീയ കുടുംബം ഉണ്ട്, പക്ഷെ ഭാര്യയും ഭർത്താവും കഷ്ടിച്ചേ സംസാരിക്കുന്നുള്ളൂ എന്നതാണ് വസ്തുത. ഇടതു ഭാഗത്തായി ഒരു - യുവതി സ്വയ - സംശയത്താൽ ആത്മഹത്യാവിചാരങ്ങളുമായി ഇരിക്കുന്നു. വലത്തു ഭാഗത്ത് വ്യക്തിത്വത്തിനു ക്രമമില്ലാതെ നിരന്തര യാതന അനുഭവിക്കുന്ന ഒരു സ്ത്രീ ഇരിക്കുന്നു. വേറൊരു പുരുഷൻ മദ്യപാനത്തിൽ നിന്നു മുക്തി നേടിക്കൊണ്ടിരിക്കുന്നു, ഒരു യുവാവാണെങ്കിൽ മയക്കുമരുന്നിനു അടിമപ്പെട്ടിരിക്കുന്നു, അറുപതു - വയസ്സുള്ള - ഒരു പ്രായമുള്ളയാൾ തനിക്കു കാൻസർ ആണെന്നു അടുത്ത സമയത്ത് കണ്ടെത്തിയതായും ഇരിക്കുന്നു. വേറൊരു വാക്കിൽ പറഞ്ഞാൽ, ഉപദേഷ്ടാവു പ്രസംഗിക്കുന്നതും, മൂപ്പന്മാർ നയിക്കുന്നതും, മരിച്ചുകൊണ്ടിരിക്കുന്ന മാത്രമല്ല ഉപദ്രവിക്കപ്പെടുന്നതും ആയ ആളുകൾ ഉള്ള ഒരു ഇടവകയോടാണ്. ഈ വസ്തുത, മറ്റേതിനെക്കാളും, സഭാദ്ധ്യക്ഷന്മാർ ഗുണദോഷം നടത്തേണ്ട നിപുണതകൾ വളർത്തിയെടുക്കണം എന്നു സൂചിപ്പിക്കുന്നു.

### എന്താണ് ഗുണദോഷിക്കൽ?

ഗുണദോഷിക്കൽ നടത്തുന്ന ആളെയും അയാളുടെ പരിശീലനത്തെയും ആശ്രയിച്ചാണ്, ഗുണദോഷിക്കലിന്റെ നിർവ്വചനം വ്യത്യാസപ്പെടുന്നത്. വ്യക്തിപരമായ ഗുണദോഷിക്കൽ എന്നത് നയിക്കലോ, ഉപദേശിക്കലോ, പുറത്തേക്കെടുക്കലോ, അല്ലെങ്കിൽ സംസാരമോ *അല്ല*; മറിച്ചു അതു സംസാരിക്കുന്നതിനേക്കാൾ അധികം ശ്രദ്ധിക്കലാണ് എന്നു ഡോ. പോൾ സതേൺ പറഞ്ഞു. ഗുണദോഷിക്കുന്ന ആൾ “ശ്രദ്ധിക്കുന്ന

കാതുകളെയും മനസ്സിലാക്കുന്ന ഹൃദയത്തെയും നല്കുന്നു" എന്ന് അയാൾ പറഞ്ഞു.[1] വ്യക്തിപരമായ ഗുണദോഷിക്കൽ എന്തല്ല എന്ന ഒരു ലിസ്റ്റും സതേൺ കൂട്ടിച്ചേർത്തിട്ടുണ്ട്. അതിൽ (1) ഉപദേശം നല്കൽ, (2) ഗുണദോഷിക്കപ്പെടേണ്ട ആൾക്കുവേണ്ടി തീരുമാനങ്ങൾ എടുക്കൽ, (3) ഗുണദോഷിക്കലിനുവന്ന ആളെ കുറ്റപ്പെടുത്തൽ, (4) ഗുണദോഷിക്കപ്പെടേണ്ട ആളെ അഭിനന്ദിക്കൽ, (5) ഗുണദോഷിക്കപ്പെടേണ്ട ആളുടെ വികാരങ്ങളെ അല്ലെങ്കിൽ മനോഭാവത്തെ അവഗണിക്കൽ, (6) സഹതപിക്കൽ, (7) അമിത - തിരിച്ചറിയൽ, (8) ഗുണദോഷിക്കുന്ന ആളുടെ സ്വന്ത പരിഹാരങ്ങൾ ഗുണദോഷിക്കപ്പെടുന്ന ആളിൽ അടിച്ചേല്പിക്കൽ, (9) വാദിക്കൽ, (10) ധാർമ്മീകരിക്കൽ, (11) ദമ്പതികളെ ഗുണദോഷിക്കുമ്പോൾ ഒരാൾക്കെതിരായി മറ്റൊരാൾക്കു വശം ചേരൽ, (12) പ്രശ്നത്തിന്റെ ഗൗരവം കുറച്ചു കാണുകയോ അമിതമായി കാണുകയോ ചെയ്യുന്നത് പ്രശ്നം ഉണ്ടാക്കും, (13) ഒരാളെ കുറിച്ചു അയാളോടു വിശദീകരിക്കൽ, (14) ചികിത്സാപരമായ കാര്യങ്ങളെ നിസ്സാരവൽക്കരിക്കൽ, (15) മറ്റുള്ളവർ തങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിച്ചു എന്ന ഉദാഹരണം നല്കൽ.[2]

അതിനുപകരം, അയാൾ പറഞ്ഞത് ഒരു മതപരമായ സമൂഹത്തിൽ വ്യക്തിപരമായ ഗുണദോഷിക്കലിന്റെ ലക്ഷ്യം ആളുകളെ ശ്രദ്ധിക്കുന്ന കാതുകളും മനസ്സിലാക്കുന്ന ഹൃദയവും നല്കി അവരുടെ സ്വന്ത പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സഹായിക്കുക എന്നതാണ്. എന്നുതന്നെയല്ല, അത്തരം ഗുണദോഷിക്കൽ സഭയ്ക്കു അന്യമായിരിക്കും. ഒന്നാമതു, വിലയുള്ള എല്ലാ മനശാസ്ത്ര തത്വവും പുതിയ നിയമത്തിലുണ്ട്. രണ്ടാമതു, ഗുണദോഷിക്കലിൽ എല്ലായ്പ്പോഴും ധാർമ്മികവും മതപരവുമായ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. മൂന്നാമതു, ഗുണദോഷിക്കലിൽ ബലഹീനരെ "താങ്ങുന്നതു" കൂടെ ഉൾപ്പെടുന്നുണ്ട് (റോമർ 15:1). സതേൺ പറഞ്ഞതനുസരിച്ചു, ഗുണദോഷിക്കലിന്റെ മുഖ്യകാര്യം, തന്മയീഭാവശക്തി എന്നതിനെ സംബന്ധിച്ചുള്ള ആശയമാണ്: *എം* എന്നതിന്റെ അർത്ഥം "ൽ" എന്നും; *പാത്തോസ്* എന്നാൽ "വികാരം," കഷ്ടതകളും എന്നു അർത്ഥമാക്കാം. അതുകൊണ്ട്, "എംപതി" എന്നതിന്റെ അർത്ഥം "ഫീലിങ്ങ് ഇൻടു." പിന്നെ, വ്യക്തിപരമായ ഗുണദോഷിക്കൽ, ഒരു വ്യക്തിത്വം മറ്റൊരാളുടെ വ്യക്തിത്വവുമായി വിനിമയം നടത്തുന്നു (തന്മയീഭാവശക്തി) അതു എന്തെങ്കിലും മാറ്റം ചികിത്സാപരമായി സംഭവിക്കുന്നതുവരെ തുടരണം.[3]

### ആരാണ് ഗുണദോഷിക്കൽ നടത്തേണ്ടത്?

മൂപ്പന്മാരെയും ഉപദേഷ്ടാക്കന്മാരെയും ഗുണദോഷത്തിനു വിളിക്കണം. ഗുണദോഷിക്കൽ നടത്തുവാൻ പ്രാപ്തരാണെന്നോ യോഗ്യരാണെന്നോ അവർ ചിന്തിക്കരുത്. എന്നിരുന്നാലും, "തയ്യാറായാലും ഇല്ലെങ്കിലും," ആളുകൾ അവരെ ഗുണദോഷിക്കലിനായി തേടി വരുന്നത് കാണാം. അതുകൊണ്ടു ഗുണദോഷിക്കലിനു യാതൊരു പരിശീലനവും ഇല്ലാതിരിക്കുന്നതിനേക്കാൾ ചെറിയ പരിശീലനം ലഭിക്കുന്നതു നന്നായിരിക്കും.

സഭാദ്ധ്യക്ഷന്മാർക്കു ഗുണദോഷിക്കലിനെ കുറിച്ചു ക്രിയാത്മക സമീപനമാണ് വേണ്ടത്. *സഭയിലെ അവരുടെ ഉദ്ദേശനിവർത്തീകരണത്തിനു ഗുണദോഷിക്കൽ സഹായകരമാകും എന്നവർ തിരിച്ചറിയണം.* ഉദാഹരണമായി, പല (എല്ലാം അല്ല) മാനസികമായ അല്ലെങ്കിൽ വൈകാരികമായ പ്രശ്നങ്ങൾക്കു കാരണം പാപമാണ്. മൂപ്പൻ അല്ലെങ്കിൽ ഉപദേഷ്ടാവു ആരുടെയെങ്കിലും പാപത്തെ കൈകാര്യം ചെയ്യുമ്പോൾ, അയാൾ അയാളുടെ വൈകാരിക പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ സഹായിക്കയാണ്; അയാളുടെ വൈകാരിക പ്രശ്നത്തെ ഉപദേഷ്ടാവ് കൈകാര്യം ചെയ്യുവാൻ സഹായിക്കുമ്പോൾ, അയാളുടെ പാപത്തെ കൈകാര്യം ചെയ്യുവാൻ സഹായിക്കയാണ്. രണ്ടുവിധത്തിലായാലും, അയാൾ ആ വ്യക്തിയെ രക്ഷിക്കുവാൻ സഹായിക്കയാണ്. മറ്റു കാര്യങ്ങളിൽ, ദുഃഖം, ഏകാന്തത, ഉത്സാഹമില്ലായ്മ, തുടങ്ങിയവയെ, ഒരാൾ ആത്മിയമായി വളരുന്നതിനു മുൻപു അതിജീവിക്കേണ്ടതായിട്ടുണ്ട്. ഗുണദോഷിക്കൽ സാഹചര്യങ്ങൾ ചിലപ്പോൾ – ഉദാഹരണമായി, വിവാഹത്തിനു മുൻപുള്ള ഗുണദോഷിക്കൽ – ക്രമേണ സുവിശേഷത്തിനുള്ള വാതിൽ തുറക്കുവാൻ സാധിക്കും.

എങ്ങനെയായാലും, മനശാസ്ത്രത്തിലും ഗുണദോഷിക്കലിലും ചെറിയ പരിശീലനം അപകടകാരിയാണ്. ഉദാഹരണമായി, ഒരാൾക്കു മനശാസ്ത്രം കുറച്ചു മാത്രം അറിയാമെങ്കിൽ, അയാൾ എല്ലാവരേയും മാനസികാപഗ്രഥനം ചെയ്യുന്നത് ഒഴിവാക്കണം. ഏതൊരു പ്രശ്നത്തിലും ഒരു കാരണമേയുള്ളൂ എന്ന ചിന്ത ഒഴിവാക്കണം. ഒരു പ്രശ്നത്തിന് ഒരു കാരണമേയുള്ളൂ എന്ന ചിന്ത മനുഷ്യരെ സങ്കീർണ്ണമാക്കുന്നതാണ്. *ഒരു മൂപ്പൻ അഥവാ ഉപദേഷ്ടാവു തന്റെ പരിമിതികൾ തിരിച്ചറിയണം, സാഹചര്യത്തെ കൂടുതൽ മനസ്സിലാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഉപദേശിക്കുന്നതും ഒഴിവാക്കണം, കൂടാതെ തന്നേക്കാൾ കൂടുതൽ സഹായകരമായ നിർദ്ദേശം ആവശ്യമുള്ളവരെ എപ്പോൾ ആരുടെ അടുത്ത് അയക്കണം എന്നുമറിഞ്ഞിരിക്കണം.*

എല്ലാ മൂപ്പന്മാരെയും ഉപദേഷ്ടാക്കന്മാരെയും ഗുണദോഷത്തിലേക്കു വിളിച്ചാൽ, എല്ലാവരും ഗുണദോഷിക്കലിനു വരം ലഭിച്ചവരല്ല. അതുകൊണ്ടു, എല്ലാ മൂപ്പന്മാരും അല്ലെങ്കിൽ ഉപദേഷ്ടാക്കന്മാരും ഒരേപോലെ സമയം ഗുണദോഷിക്കലിനു ചെലവിടുവാൻ പ്രതീക്ഷിക്കുകയോ പ്രതീക്ഷിക്കപ്പെടുകയോ ചെയ്യരുത്.

മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും മാത്രമല്ല "ഗുണദോഷിക്കലിനു യോജിച്ചവർ."[4] മറ്റു ക്രിസ്ത്യാനികളെയും ഗുണദോഷിക്കലിനു പ്രോത്സാഹിപ്പിക്കണം (അവരെ കൂടെ ഗുണദോഷിക്കൽ പരിശീലനത്തിൽ ഉൾപ്പെടുത്തണം). ഒരിടവകയിലെ "സാധാരണ" അംഗങ്ങളിൽ വൈകാരികമായി മുറിവേൽക്കപ്പെട്ടവരെ സഹായിക്കുവാനുള്ള താലന്തുള്ളവർ ഉണ്ടായേക്കാം. സഭാദ്ധ്യക്ഷന്മാർ അവരെ കണ്ടെത്തി, അവരുടെ താലന്തുകൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കയും, ഈ ശുശ്രൂഷയിൽ അവരെ ഫലപ്രദമാക്കുവാൻ വേണ്ട പരിശീലനം നല്കുകയും വേണം. ക്രിസ്ത്യാനികളായതുകൊണ്ടു, നാം തുടർച്ചയായി "[നമ്മുടെ] പാപങ്ങളെ ഏറ്റു പറഞ്ഞു, ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിച്ചാൽ" (യാക്കോബ്

5:16), നാം “ക്രമം കെട്ടവരെ ബുദ്ധി ഉപദേശിക്കയും, ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുകയും, ബലഹീനരെ താങ്ങുക [യും], [എല്ലാവരോടും] ദീർഘ ക്ഷമ കാണിക്കയും ...” (1 തെസലൊനിക്യർ 5:14), “ശക്തിയില്ലാത്തവരെ ശക്തിപ്പെടുത്തുകയും, സ്വയം പ്രസാദി [ക്കാതെ] [ഇരിക്കയും] വേണം” (റോമർ 15:1), കൂടാതെ, പ്രത്യേകിച്ചു, നാം ഓരോരുത്തരോടും സൗമ്യമായി ഇടപെട്ടാൽ, ക്രിസ്തു നമ്മെ സ്നേഹിച്ചതു പോലെ സ്നേഹിച്ചാൽ (യോഹന്നാൻ 13:34, 35),[5] തുടർന്നു പ്രവർത്തിക്കേണ്ടതിനും മനുഷ്യരായി ദൈവമക്കൾ ആയി വളരേണ്ടതിനും മിക്ക ആളുകൾക്കും ആവശ്യമുള്ള സഹായവും അന്തരീക്ഷവും നല്കുന്നവരായിരിക്കും നാം.

*അതുകൊണ്ട്, ഒരർത്ഥത്തിൽ, ഓരോ ക്രിസ്ത്യാനിക്കും മറ്റൊരു ക്രിസ്ത്യാനിയെ ഗുണദോഷിക്കുവാനുള്ള അവസരവും ഉത്തരവാദിത്വവുമുണ്ട്.* ആ ഉത്തരവാദിത്വം നിറവേറ്റുവാൻ മറ്റുള്ളവരുടെ പശ്ചാത്തലവും ആവശ്യവും അറിയേണ്ടതുണ്ട്, മറ്റൊരാളുടെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിക്കുവാൻ കഴിയണം, സതേൺ പറഞ്ഞതുപോലെ, കേൾപ്പാനുള്ള ചെവിയും മനസ്സിലാക്കുവാനുള്ള ഹൃദയവും വേണം.

**ഒരധ്യക്ഷൻ ആരെയാണ് ഗുണദോഷിക്കേണ്ടത്?**

ഗുണദോഷിക്കുവാനുള്ള അവസരങ്ങൾ ധാരാളമാണ്. തങ്ങൾ “മറ്റുള്ളവരുടെ തലക്കുമീതെയാകുമോ” എന്ന ഭയം കൊണ്ടായിരിക്കാം ക്രിസ്ത്യാനികൾ ഗുണദോഷിക്കലിൽ ഉൾപ്പെടാതിരിക്കുന്നത് - തങ്ങൾക്കു പരിഹരിക്കുവാൻ പറ്റാത്ത വലിയ പ്രശ്നങ്ങളാണ് എന്ന് ചിലർ ഭയപ്പെടുന്നു. എങ്ങനെയായാലും, സഭാദ്ധ്യക്ഷന്മാരെ ഗുണദോഷിക്കുവാൻ വിളിക്കുന്ന എല്ലാ പ്രശ്നങ്ങളും വലുതോ അല്ലെങ്കിൽ ജീവനു - ഭീഷണി ഉയർത്തുന്നതോ ആയിരിക്കയില്ല. അവർക്ക് എല്ലാവർക്കും മദ്യപാനമോ, മയക്കുമരുന്നോ, അല്ലെങ്കിൽ ഉടനെ ഉപേക്ഷിക്കപ്പെടുമെന്ന ഭീഷണിയോ, ആത്മഹത്യ, തുടങ്ങിയ പ്രശ്നങ്ങളോ ഇല്ല.

രോഗികളായിരിക്കുമ്പോൾ, ജോലിയില്ലാതിരിക്കുമ്പോൾ, ദുഃഖിച്ചിരിക്കുമ്പോൾ, അല്ലെങ്കിൽ “വാടിയിരിക്കുമ്പോൾ” എല്ലാം ആളുകൾ സംസാരിക്കുവാൻ പ്രിയപ്പെടുന്നു. പലപ്പോഴും അവർക്കു വളരെ കാലത്തേക്കു ഗുണദോഷിക്കൽ വേണ്ടി വരികയില്ല; അവർക്കു താല്ക്കാലികമായി ആ സമ്മർദ്ദത്തെ നേരിടുവാൻ സഹായം ആവശ്യമാണ്. ആ സമയത്തും ആ സന്ദർഭത്തിലും, സഭാദ്ധ്യക്ഷന്മാരുടെ സാന്നിധ്യവും അവർക്കു പറയുവാനുള്ളതു ശ്രദ്ധിക്കുവാൻ മനസുകാണിക്കുന്നതും ചികിത്സാഫലം പുറപ്പെടുവിക്കുന്നതു പോലെയാണ്.

പ്രശ്നം ഗൗരവമാണെങ്കിൽ സഭാദ്ധ്യക്ഷന്മാർ തങ്ങളുടെ പരിമിതികൾ തിരിച്ചറിയേണ്ടത് പ്രാധാന്യമുള്ളതാണ്, കൂടാതെ അവരെ സഹായിക്കുവാൻ പറ്റിയതു ആരാണ് എന്നു അറിഞ്ഞിരിക്കയും വേണം. സഭാദ്ധ്യക്ഷന്മാർ എല്ലാ മനശാസ്ത്രജ്ഞന്മാരെയും മനോരോഗ ചികിത്സകരെയും വിശ്വസിക്കരുത്. ക്രിസ്ത്യാനിക്ക് - എതിരായി പ്രവർത്തിക്കുന്ന ചിലരുണ്ട്. ഉദാഹരണമായി, ചില മനോരോഗ ചികിത്സകരുടെ അടുത്ത് എത്തുന്ന ക്രിസ്തീയ ഭാര്യമാരോടു, അവർ ഭർത്താവിനെയും അവരുടെ

കുടുംബത്തെയും ഉപേക്ഷിക്കുവാൻ പറയും, കാരണം ഒരു വ്യക്തിയുടെ സന്തോഷത്തിനാണ് അയാൾ കൂടുതൽ മൂല്യം കണ്ടെത്തുന്നത്. അതുകൊണ്ട്, സഭാദ്ധ്യക്ഷന്മാർ ആളുകളെ ഇത്തരം ചികിത്സകരുടെ അടുക്കലേക്കു അയക്കുന്നതിനു മുൻപു അവരെ അറിഞ്ഞിരിക്കണം. ഗുണദോഷിക്കൽ "എങ്ങനെ" എന്ന് അറിയുവാൻ, അദ്ധ്യക്ഷന്മാർ കൂടുതൽ വായിക്കുകയും, കഴിയുമെങ്കിൽ, ഗുണദോഷിക്കലിനെ കുറിച്ചു ക്ലാസ്സെടുക്കേണ്ടതും ആവശ്യമാണ്.

**ഉപസംഹാരം**

മുറിവേൽക്കപ്പെട്ട ആളുകൾ നമ്മുടെ സമൂഹത്തിൽ വസിക്കുന്നുണ്ട്. ആളുകൾ സങ്കീർത്തനക്കാരനോടുകൂടെ പറയുന്നു, "ആരും എന്നെ കരുതുന്നില്ല" (സങ്കീർത്തനങ്ങൾ 142:4; ആർഎസ്‌വി). ഒരർത്ഥത്തിൽ, യിരെമ്യാവു രേഖപ്പെടുത്തിയ അതേ ചോദ്യം അവർ ചോദിക്കും: "ഗിലെയാദിൽ സുഗന്ധ തൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ?" (യിരെമ്യാവു 8:22). ആരെങ്കിലും കരുതണം എന്ന ആവശ്യം യേശുവിനെ പിൻപറ്റുന്നവർ കാണിക്കണം! മുറിവേൽക്കപ്പെട്ട ഹൃദയങ്ങൾക്കു പറ്റിയ സുഗന്ധം നമുക്കുണ്ട്: നമ്മുടെ ദൈവം "മനം തകർന്നവരെ സൗഖ്യമാക്കുകയും, അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു" (സങ്കീർത്തനങ്ങൾ 147:3). ആ തൈലം നമുക്കു പുരട്ടാം.

വൈകാരികമായി മുറിവേല്ക്കപ്പെട്ടവരോടു നമുക്കു സൂക്ഷിച്ചു സംസാരിക്കാം, "സമാധാനത്തോടെ പോയി, തീ കാഞ്ഞുകൊൾക," എന്നു പറഞ്ഞു മുറിവേല്ക്കപ്പെട്ടവർക്ക് ഒന്നും ചെയ്യാതിരുന്നാൽ എന്തു ഫലമുണ്ടാകും. (നോക്കുക യാക്കോബ് 2.) യേശു നന്മ ചെയ്തുകൊണ്ടാണ് നടന്നതു. മുറിവേൽക്കപ്പെട്ട ആളുകളെ സഹായിക്കുവാൻ ഏറ്റവും നന്നായി നമുക്കു പ്രവർത്തിക്കാം.

---

കുറിപ്പുകൾ

[1]പോൾ സതേൺ, ക്ലാസ് ലെക്ചർ നോട്ട്സ്, പേഴ്സണൽ കൗൺസലിംഗ്, സിഡ്നി, ആസ്ട്രേലിയ, ജൂൺ 29, 1970. [2]ഇബിഡ്. [3]ഇബിഡ്. [4]ജെ ആഡംസ്, *കോമ്പിറ്റന്റ് റ്റു കൗൺസെൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1970). [5]"ഒരു മാനസിക ആശുപത്രിയിലെ തെറാപ്പിയുടെ എഴുപത്തി - അഞ്ച് ശതമാനവും റ്റിഎൽസി - വാത്സല്യമുള്ള, സ്നേഹമുള്ള പരിചരണമാണ്." സതേൺ, "പേഴ്സണൽ കൗൺസെലിംഗ്."

---

ഒരു മിഷ്ണറിയെ നിർവ്വചിച്ചതു "ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഒരു ദൈവത്തിന്റെ വ്യക്തി ദൈവത്തിന്റെ പ്രവൃത്തി ദൈവസ്ഥാനത്തു നിന്നു ചെയ്യുന്നത്" എന്നാണ്.

© 2009 Truth for Today